## പതിനാലാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 4617** **25.06.2019 -ൽ മറുപടിയ്ക്ക്**

## ഭവനനിർമ്മാണ ബോർഡിന്റെ വായ്പാ ബാധ്യതകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.വി.വിജയദാസ് :** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ഭവന നിർമ്മാണ ബോർഡിന് വായ്പ എടുത്തിട്ടുള്ള വകയിൽ കൊടുത്തു തീർക്കുവാനുള്ള ബാധ്യതകളുടെ വിശദവിവരം നൽകുമോ;<br>(ബി) പ്രസ്തുത ബാധ്യതകളിൽ നിന്ന് ഒഴിവാകുന്നതിനായി ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ? | (എ) യും (ബി) യും | ഹഡ്കോ തിരിച്ചടവിനായി വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം ബോർഡിന് അനുവദിച്ച തുകയായ 1122.68 കോടി രൂപയും ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ ബോർഡ് സർക്കാരിന് നൽകേണ്ട 89.95 കോടി രൂപയും ഉൾപ്പെടെ 1212.63 കോടി രൂപ ബോർഡ് സർക്കാരിന് നൽകേണ്ടതുണ്ട്.<br>സർക്കാരിൽ നിന്നും ബോർഡിന് ലഭിക്കേണ്ട 1773.22 കോടി രൂപയിൽ സർക്കാരിന് നൽകേണ്ട 1212.63 കോടി രൂപയിൽ തട്ടികഴിക്കുന്നതിനും ബാക്കി തുകയായ 560.59 കോടി രൂപ അനുവദിച്ച് നൽകണമെന്നും ബോർഡ് ആവശ്യപ്പെട്ടിരുന്നു.<br>ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധന പ്രകാരം 302.79 കോടി രൂപ സർക്കാർ ബോർഡിന് നൽകേണ്ടതാണെന്ന് ശുപാർശ ചെയ്തിരുന്നു. 28/02/2019-ൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന മീറ്റിംഗിലെ തീരുമാനപ്രകാരം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് വിവിധ പദ്ധതികൾ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് സർക്കാർ നൽകുവാനുള്ള തുക അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിന് നാളിതുവരെ ബോർഡ് വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് നൽകിയ ആകെ വായ്പയുടേയും അതിൽ ബോർഡ് നാളിതുവരെ തിരിച്ച് പിടിച്ച തുകയുടേയും, വായ്പാകുടിശ്ശിക തീർപ്പാക്കുന്നതിന് സർക്കാർ അനുവദിച്ച മുഴുവൻ തുകയുടേയും പൂർണ്ണമായ വിശദാംശങ്ങൾ ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ട് ഓഡിറ്റ് ചെയ്യിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

Subha S

സെക്ഷൻ ഓഫീസർ